ആലപ്പുഴ	-	606
കോട്ടയം	-	632
ഇടുക്കി	-	120
എറണാകുളം	-	637
തൃശൂർ	-	610
പാലക്കാട്	-	356
മലപ്പുറം	-	384
കോഴിക്കോട്	-	857
കണ്ണൂർ	-	397
വയനാട്	-	142
കാസർഗോഡ്	-	145
ആകെ		6520

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 32.

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടർ പി.എസ്.സി.യിൽ അറിയിച്ചിട്ടുള്ള ഒഴിവുള്ള തസ്തികകളുടെ ആകെ എണ്ണം 886 ആണ്. ഇവയിൽ 32 എണ്ണം കൊല്ലം ജില്ലയിലാണ്.

(ഇ) വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പിരപ്പൻകോട് മുരളി: സർ, നമ്മുടെ സ്കൂളുകൾ തുറന്നിട്ട് ഏകദേശം 4 ആഴ്ചയാകാൻ പോകുകയാണ്. നമ്മുടെ സർക്കാർ സ്കൂളുകളുടെ സ്ഥിതി വളരെ ദയനീയമാണ്. അദ്ധ്യാപകരില്ലാത്ത അതീവ ഗുരുതരമായ ഒരു അക്കാദമിക് പ്രതിസന്ധിയിലേയ്ക്ക് പൊതുവിദ്യാഭ്യാസമേഖല പോകുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം നമ്മുടെ ജില്ലയിലെ എൽ.പി. സ്കൂളുകളിലും ഹൈസ്കൂളുകളിലുമായി എണ്ണൂറോളം അദ്ധ്യാപകരുടെ കുറവുണ്ട്. 'അരി വെന്തോയെന്ന് നോക്കാൻ ചോറ് മുഴുവനും ഞെക്കി നോക്കേണ്ട' എന്ന് പറയുന്നതുപോലെ തിരുവനന്തപുരം ജില്ലയുടെ അവസ്ഥ നോക്കിയാൽ

9.30 A.M.]

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തിന്റെ മൊത്തം സ്ഥിതി അറിയാൻ കഴിയും. എന്റെ നിയോജകമണ്ഡലത്തിലെ മാത്രം സ്ഥിതി, നാട്ടുകാർ തന്ന മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മിതൃമ്മല ബോയ്സ് എച്ച്.എസ്.-ൽ 18 പോസ്റ്റാണ് ഉള്ളത്. അവിടെ 12 പേരില്ല. 68 ശതമാനമായിരുന്നു കഴിഞ്ഞ വർഷത്തെ അവിടത്തെ വിജയശതമാനം. അതുപോലെ മിതൃമ്മല ഗേൾസ് എച്ച്.എസ്.എസ്.-ൽ 16 അദ്ധ്യാപകർ വേണം. അവിടെയുള്ളത് 6 പേരാണ്. കഴിഞ്ഞ വർഷത്തെ അവിടത്തെ വിജയം 82 ശതമാനം ആയിരുന്നു. അതുപോലെ കല്ലറ വി.എച്ച്.എസ്.-ൽ 11 അദ്ധ്യാപകർ വേണം. അവിടെ 5 പേർ മാത്രമേയുള്ളൂ. പാലോട് സബ്ജില്ലയിലെ ചെട്ടിയാനാറ സ്കൂളിൽ അദ്ധ്യാപകരില്ല. പകരം വിതുര സ്കൂളിൽനിന്ന് ഒരു അദ്ധ്യാപകനെ എ.ഇ.ഒ. തത്ക്കാലത്തേയ്ക്ക് ചാർജേല്പിച്ചു. നമ്മുടെ സാംസ്ക്കാരിക വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ വിതുര ഹൈസ്കൂളിൽ 16 അദ്ധ്യാപകരുടെ ഒഴിവുണ്ട്. വിതുര യു.പി.എസ്.-ൽ 14 പേരുടെ കുറവുണ്ട്. ആനപ്പാറ ഗവൺമെന്റ് എച്ച്.എസ്.-ൽ 10 അദ്ധ്യാപകരുടെ കുറവുണ്ട്. വെഞ്ഞാറമൂട്, പിരപ്പൻകോട്, കൊഞ്ചിറ, മണക്കാട്, കോലിയക്കോട്, മടത്തറ കാണി ഇവിടെയൊക്കെ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്ത അവസ്ഥയാണ്. ഇപ്പോൾ ഹിന്ദി എച്ച്എസ്എ, ജൂനിയർ ഹിന്ദി പാർട്ട്ടൈം ടീച്ചർ പോസ്റ്റുകളിൽ 180 ഒഴിവുകൾ കഴിഞ്ഞ വർഷം മുതൽ ജില്ലയിൽ ഒഴിഞ്ഞുകിടക്കുകയാണ് എച്ച്.എസ്.എ. മലയാളം 50 പേർ കുറവാണ്. ഇംഗ്ലീഷ് ലിറ്ററേച്ചറുകാരെക്കൊണ്ടുമാത്രമേ ഇംഗ്ലീഷ് പഠിപ്പിക്കൂ എന്ന് പറഞ്ഞിട്ട് ഇന്നുവരെ അതിനൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. ചുരുക്കത്തിൽ ഒരു സർക്കാർ സ്കൂളിലും ആവശ്യത്തിന് അദ്ധ്യാപകരില്ലാതാകുന്ന അവസ്ഥയാണ് ഉള്ളത്. അടുത്ത ആഴ്ച മുതൽ ഇവർ പുതിയ പരിശീലനത്തിന് പോകുകയാണ്. 1, 2, 3 ക്ലാസുകളിൽ പുതിയ പാഠപുസ്തകങ്ങളാണ്. അതിന്റെ പഠനസഹായി സമയത്തിന് തയ്യാറാകാത്തതുകൊണ്ട് അവധിക്കാലത്ത് അദ്ധ്യാപകരെ പരിശീലിപ്പിക്കാൻ കഴിഞ്ഞില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം ജൂലൈ ആദ്യവാരം മുതൽ അവർ സംഘമായി പരിശീലനത്തിന് പോകുകയാണ്.—കംപ്യൂട്ടർ പരിശീലനം, വാല്യൂവേഷനാവശ്യമായ പരിശീലനം. വൺ ഡേ വെരിഫിക്കേഷൻ പരിശീലനം, ഇങ്ങനെ നിരവധി പരിശീലനങ്ങളുടെ ഒരു ഘോഷയാത്രയാണ്. സർവ്വ ശിക്ഷാ അഭിയാൻ സ്കീമിനുവേണ്ടി പുതിയ പരിശീലനം ഉണ്ട്. അതിനും നിലവിലുള്ള അദ്ധ്യാപകരെ അയയ്ക്കുകയാണ്. ഇത്തരത്തിൽ അദ്ധ്യാപകർ നഷ്ടപ്പെടുന്ന അവസ്ഥയാണ്. സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ മുമ്പുണ്ടായിരുന്ന സംവിധാനം നമുക്കില്ല. പി.എസ്.സി. യാണ് യഥാർത്ഥത്തിൽ അദ്ധ്യാപകരെ നിയമിക്കേണ്ടത്. നിയമനനിരോധനം കാരണം പി.എസ്.സി. അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നില്ല. അതുപോലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും അദ്ധ്യാപകരെ കൊടുത്തിരുന്നു. ഇപ്പോൾ അതും നടക്കുന്നില്ല പി.ടി.എ. പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റ്, സ്കൂൾ ഹെഡ്മാസ്റ്റർ ഇവർ അടങ്ങുന്ന ഒരു കമ്മിറ്റിക്ക് യോഗ്യതയുള്ളവരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കാൻ മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് അനുവാദം കൊടുത്തിരുന്നു. ആ ഓർഡർ നിലവിലില്ലാത്ത ഗുരുതരമായ അവസ്ഥയാണ് ഇന്നുള്ളത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

പൊതുവിദ്യാഭ്യാസരംഗത്തെ ദയാവധത്തിന് വിട്ടിരിക്കുകയാണെന്ന് തോന്നുന്നു. പാരലൽ ട്രാൻസ്പോർട്ട് സർവീസിൽ ആളെ വിളിക്കുന്ന 'കിളി'കളെപ്പോലെ ഈ സർക്കാർ കുട്ടികളെ യഥാർത്ഥത്തിൽ അൺ എയ്ഡഡ് സ്കൂളുകളിലേക്കു പറഞ്ഞയക്കുന്ന ഒരവസ്ഥയാണുള്ളത്. അടിയന്തിരമായി ഗവൺമെന്റ് ഇതിൽ ഇടപെടണം. നമുക്കൊരു ഡി.പി.ഐ. ഇല്ലാത്ത അവസ്ഥയാണ്. അദ്ദേഹത്തിനൊരുത്തിവാദിത്വവുമില്ല. നിങ്ങളുടെ കുട്ടികളെ നല്ല സ്കൂളുകളിൽ അയച്ചു പഠിപ്പിച്ചുകൂടെ എന്ന് ചോദിക്കുന്ന മാനസികാവസ്ഥയിലാണ്. ഡി.പി.ഐ. അടിയന്തിരമായി ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. അദ്ധ്യാപകരെ കൊടുക്കണം. പരിശീലനത്തിന് പോകുന്ന അദ്ധ്യാപകർക്ക് പകരം ദിവസക്കൂലി അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ ഉത്തരവിറക്കണം. ഇവിടെ വിദ്യാധനം സർവ്വധനാൽ പ്രധാനമെന്ന് തിയറി പറയും. സർ പഴയതുപോലെയല്ല ഒരു വീട്ടിൽ ഒരു കുട്ടിയാണുള്ളത്. അവരുടെ വിദ്യാഭ്യാസകാര്യത്തിൽ മാതാപിതാക്കൾക്കുള്ള ഉൽക്കണ്ഠ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ബോദ്ധ്യമാകുമെന്നാണ് എന്റെ വിശ്വാസം. ഇതിനൊരു അടിയന്തര പരിഹാരമുണ്ടാക്കണമെന്ന് ഞാൻ സഭയോടഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുപോലെ, തിരുവനന്തപുരം ജില്ലയിൽ ഫിസിക്കൽ സയൻസിന് 20, നാച്ചറൽ സയൻസിന് 10, ഇംഗ്ലീഷിന് 155, മലയാളത്തിന് 46, ഹിന്ദി 1, സംസ്കൃതം 2, ജൂനിയർ ഹിന്ദി ഫുൾ ടൈം ടീച്ചർ 25, ജൂനിയർ ഹിന്ദി പാർട്ട് ടൈം ടീച്ചർ 21, അറബി ഫുൾ ടൈം 30, അറബി പാർട്ട് ടൈം 9, ജൂനിയർ സംസ്കൃതം ഫുൾ ടൈം 1, പാർട്ട് ടൈം 5. ഫിസിക്കൽ എഡ്യൂക്കേഷൻ യു.പി. 2, ഹൈസ്കൂൾ 10, പി.ഡി. ടീച്ചർ 567. അങ്ങനെ 600, 700 അദ്ധ്യാപകരുടെ തസ്തികകളാണ് വേക്കന്റായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൃത്യമായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ നികത്തണമെന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഒരു മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നികത്തുവാനുണ്ട് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ഈ വർഷത്തെ തസ്തിക നിർണ്ണയം (സ്റ്റാഫ് ഫിക്സേഷൻ) നടപടികൾ പൂർത്തീകരിച്ചതിനു ശേഷമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. നിലവിലുള്ള ഏതാനും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ബാക്കിയുള്ളവ നികത്തുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരികയുമാണ്. എന്നാൽ അദ്ധ്യാപകരുടെ കുറവ് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കാതിരിക്കുന്നതിനായി കഴിഞ്ഞ ദിവസം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൊട്ടക്ടഡ് അദ്ധ്യാപകർ നിലവിലില്ലാത്ത തസ്തികകളിലേക്ക് താത്ക്കാലിക നിയമനം നടത്തുന്നതിനും പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ പുനർവിന്യാസം ആഗസ്റ്റ് മാസത്തിനകം പൂർത്തീകരിക്കുന്നതിനും 19-6-2003-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖേനയുള്ള ഉദ്യോഗാർത്ഥികൾ ജോലിക്ക് ഹാജരാകുന്നതുവരെയോ അല്ലെങ്കിൽ പരമാവധി വിദ്യാഭ്യാസവർഷം അവസാനിക്കുന്നതുവരെയോ ദിവസക്കൂലി അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മുൻകാലങ്ങളിൽ നടത്തിയിരുന്ന സംവിധാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെടേണ്ടവരെ സ്കൂൾ ഹെഡ്മാസ്റ്റർ, അതാതു വിഷയത്തിലെ സീനിയർ ടീച്ചർ, അതാത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് തെരഞ്ഞെടുക്കുന്നത്. ഇപ്രകാരം നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ പുതുക്കിയതിനോടനുബന്ധിച്ചുള്ള അദ്ധ്യാപകരുടെ ട്രെയിനിംഗ്, സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിന് എല്ലാ സ്കൂളുകളിലേയും കുട്ടികളുടെ വൺ ഡേ വെരിഫിക്കേഷൻ, അദ്ധ്യാപകരെ നിയോഗിക്കൽ, എസ്.എസ്.എ. ട്രെയിനർമാരെ നിയോഗിക്കൽ എന്നിവ കഴിവതും അദ്ധ്യാപനത്തെ ബാധിക്കാത്ത വിധത്തിൽ നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആ രീതിയിലുള്ള നിർദ്ദേശങ്ങൾ കൊടുത്തു കഴിഞ്ഞു. സർക്കാരിന്റെ വിദ്യാഭ്യാസനയം സ്കൂൾപ്രവർത്തനത്തെ സഹായിക്കുന്നതിനും പൊതുവിദ്യാഭ്യാസമേഖലയെ നശിപ്പിക്കുന്നതിനുമാണ് എന്ന ആരോപണം ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ടീച്ചേഴ്സ് ട്രെയിനിംഗ് വെക്കേഷൻ സമയത്താണ് സാധാരണ കൊടുത്തുവരുന്നത്. അതിന് അദ്ധ്യാപകരുടെ ഭാഗത്തുനിന്നും പല തടസ്സങ്ങളും ഉന്നയിക്കപ്പെട്ടതുകൊണ്ടാണ് ഇപ്രാവശ്യം ബൾക്കായിട്ടല്ലാതെ ഘട്ടംഘട്ടമായി കൊടുക്കാനുദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിലെ സ്പെസിഫിക്കായി പറഞ്ഞ കാര്യങ്ങൾ, തിരുവനന്തപുരം എസ്.എം.വി. സ്കൂൾ, മോഡൽ ഹൈസ്കൂൾ, കോട്ടൺ ഹിൽ ഗേൾസ് ഹൈസ്കൂൾ, പട്ടം ഗേൾസ് എച്ച്.എസ്. എന്നീ സ്കൂളുകളിൽ ഇപ്പോൾ എച്ച്.എസ്.എ. ഇംഗ്ലീഷിന്റെ ഒഴിവുകൾ മാത്രമേയുള്ളൂ. ആനാട് കുഴിവിള എൽ.പി. സ്കൂളിൽ ട്രാൻസ്ഫർ അപേക്ഷ പരിഗണിച്ചാണ് 2 അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയത്. എന്നാൽ, പകരം അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ ഈ സ്കൂളുകളിൽ നിന്നും അവരെ വിടുതൽ ചെയ്തിട്ടില്ല. പാലോട് ചെട്ടിയമ്പാറ എൽ.പി. സ്കൂളിൽ 19-6-2003-ൽ ഹെഡ്മാസ്റ്റർ ചാർജെടുത്തിട്ടുണ്ട്. വിതുര ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ മൊത്തം 42 തസ്തികകളുള്ളതിൽ ഇപ്പോൾ 29 അദ്ധ്യാപകർ ജോലി ചെയ്യുന്നു. മിതൃമല ബോയ്സ് എച്ച്.എസ്.എസ്.-ൽ ഹൈസ്കൂൾ വിഭാഗത്തിലെ 18 തസ്തികകളിൽ 7 അദ്ധ്യാപകർ ജോലി ചെയ്യുന്നു. മിതൃമല ജി.എച്ച്.എസ്.എസ്.-ൽ എച്ച്.എസ്. വിഭാഗത്തിൽ 19 തസ്തികകളുള്ളതിൽ 12 അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. വിതുര യു.പി. സ്ക്കൂളിൽ 5 ഉം ഭരതന്നൂർ എൽ.പി. സ്ക്കൂളിൽ ഒന്നും കൊഞ്ചിറ യു.പി. സ്ക്കൂളിൽ ഒന്നും പി.ഡി. ടീച്ചർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. മണക്കാട്, കോലിയക്കോട്, മടത്തറകാണി സ്ക്കൂളുകളിൽ ഇപ്പോൾ പി.ഡി ടീച്ചർമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മൊത്തം 567 പി.ഡി. ടീച്ചർമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. പി.ഡി ടീച്ചർ നിയമനത്തിനുള്ള 2002-03 വർഷത്തെ 212 ഒഴിവുകൾ 1-4-2003-ൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കാത്തതിനാൽ നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല. അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. ബാക്കിയുള്ള ഒഴിവുകൾ, 2003-04 തസ്തിക നിർണ്ണയം കഴിഞ്ഞതിനുശേഷം വരുന്ന ഒഴിവുകളുടെ 65 ശതമാനം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തും 35

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം അന്തർ ജില്ലാ സ്ഥലംമാറ്റംവഴിയും നികത്തുന്നതാണ്. ഇപ്പോൾ എച്ച്.എസ്.എ.- ഹിന്ദി തസ്തിക ഒന്നും, ജൂനിയർ ഹിന്ദി ടീച്ചർ ഫുൾ ടൈം 25- ഉം ജൂനിയർ ഹിന്ദി ടീച്ചർ പാർട്ട് ടൈം 21- ഉം ഒഴിവുകളുണ്ട്. ഇവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായി വരുന്നു. എച്ച്.എസ്.എ മലയാളത്തിന് 46 ഒഴിവുകൾ ഉണ്ടായിരുന്നതിൽ 2002-03 വർഷം 7 പേർക്കും 2003-04 വർഷം 9 പേർക്കും നിയമനം നൽകിയിട്ടുണ്ട്. തസ്തിക നിർണ്ണയത്തിന് ശേഷം വരുന്ന ഒഴിവുകൾ ആനുപാതികമായി പി.എസ്.സി. വഴിയും അന്തർ ജില്ലാ സ്ഥലംമാറ്റം വഴിയും നികത്താവുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഞാൻ 800 പേരുടെ കാര്യമേ പറഞ്ഞുള്ളു. ഇപ്പോൾ 1000 പേരിൽ അധികം വന്നിരിക്കുന്നു. എനിക്ക് വിനീതമായ ഒരു ചോദ്യമുള്ളത്, പി.എസ്.സി.യു.ടെയും അതുപോലെ മറ്റ് ലിസ്റ്റുകളുമൊക്കെ വരുന്നത് വരെ, ട്രെയിനിംഗിന് കുറേയധികം അദ്ധ്യാപകരെ അയയ്ക്കുന്നുണ്ട്. എന്നുള്ളത് പരിഗണിച്ച് ചിലപ്പോൾ ഒരു മാസം, രണ്ടു മാസം, മൂന്ന് മാസം ഒക്കെയാണ് ട്രെയിനിംഗിന് വിടുന്നത്. അതുവരെയുള്ള കാലത്ത്, ഈ പറഞ്ഞ പോലെ താൽക്കാലിക അടിസ്ഥാനത്തിൽ, ദിവസക്കൂലി അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ ആവശ്യമായ അനുവാദം നൽകുമോ ; അങ്ങ് പറഞ്ഞല്ലോ 19-ാം തീയതി ഒരു ഓർഡർ ഇറക്കിയിട്ടുണ്ടെന്ന്, പക്ഷേ അതിൽ പറയുന്നത് സ്ഥിരം ഒഴിവുകൾക്കാണ്. ഞാൻ പറയുന്നത്, താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ ഉണ്ട്. മൂന്ന് മാസവും നാല് മാസവുമെന്നൊക്കെ പറയുന്നത് ഒരു കുട്ടിയുടെ വിദ്യാഭ്യാസ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു കാലമാണ്. അതുകൊണ്ട് അതിന് താൽക്കാലികമായി അദ്ധ്യാപകരെ നിയമിക്കാൻ, എപ്പോഴാണ് സ്ഥിര അദ്ധ്യാപകൻ വരുന്നത് അപ്പോൾ ഒഴിഞ്ഞുപോകത്തക്ക വിധത്തിൽ ഒരു ഉത്തരവ് കൊടുക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഡെയ്‌ലി വേജസായി നിയമിക്കാനുള്ള ഉത്തരവാണ് 19-06-2003-ന് താൽക്കാലികമായാലും സ്ഥിരമായാലും ഒരു വർഷത്തിൽ കൂടുതൽ അദ്ധ്യയന വർഷത്തിൽ അല്ലാത്ത. പിരീഡിൽ നിയമിക്കാനുള്ള ഉത്തരവാണ് നൽകിയിട്ടുള്ളത്. അതനുസരിച്ച് താൽക്കാലികമായി മാസക്കണക്കിന് വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്താവുന്നതാണ്.

(2) താമരശ്ശേരി ആസ്ഥാനമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസും മുക്കം ആസ്ഥാനമാക്കി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസും സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി. മോയിൻകുട്ടി : സർ, കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കേണ്ടതിന്റെ അനിവാര്യമായ ഒരു സാഹചര്യമാണ് എനിക്ക് ശ്രദ്ധക്ഷണിക്കലിലൂടെ അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത്. സംസ്ഥാനത്ത് സാർവത്രികവും കുറ്റമറ്റതായിട്ടുള്ളതുമായ വിദ്യാഭ്യാസ നയം സ്വീകരിക്കുന്ന ആളാണ് അങ്ങ്. അതുപോലെതന്നെ അഴിമതി മുക്തമായിട്ടുള്ള ആരോപണ വിധേയമല്ലാത്ത തരത്തിൽ വളരെ സുതാര്യമായ സമന്വയത്തിലൂടെ വിദ്യാഭ്യാസ നയവുമായി മുന്നോട്ട് പോകുന്ന ഒരു ഗവൺമെന്റിന്റെ ഭാഗമെന്നുള്ള നിലയിൽ വളരെ അനിവാര്യമായിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly